എൻ. ആർ. എ.-യും മൂന്നു ലക്ഷം വരെയുള്ള എൻ. ആർ. എ. വായ്പയും ജീവനക്കാരുടെ വീട് നിർമ്മാണത്തിനും സഹകരണ സ്ഥാപനങ്ങളിലെ ജപ്തി നടപടികളിൽനിന്നും ഒഴിവാക്കുന്നതിനും പ്രതിമാസ ട്രഷറി ഇളവുകളുടെ ഭാഗമായി നൽകി വരുന്നു.

(എഫ്) സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്നതനുസരിച്ച് നിയന്ത്രണം പിൻവലിക്കാൻ കഴിയും.

നെൽവിത്തിന്റെ ഗുണനിലവാരം കുറയുന്നതായി ആക്ഷേപം

*8 [218] ശ്രീമതി രാധാരാഘവൻ:
ശ്രീ. ടി. എൻ. പ്രതാപൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിഭവനുകൾവഴി കുട്ടനാട്ടിലെ കൃഷിക്കാർക്ക് വിതരണം ചെയ്യുന്ന നെൽവിത്തിന്റെ വിലയെത്രയാണ്;

(ബി) നാടൻ നെൽവിത്തിനങ്ങളുടെ വിലയെന്താണ്;

(സി) കൃഷിഭവനുകളിൽക്കൂടി വിതരണം ചെയ്യുന്ന വിത്ത് മുളപ്പിക്കുന്നതിന് വെള്ളത്തിലിട്ടാൽ ഒരു ദിവസംകൊണ്ട് മുളച്ച് ചീഞ്ഞുപോകുന്നതായി പരാതിയുണ്ടായിട്ടുണ്ടോ;

(ഡി) ഇപ്രകാരം സംഭവിക്കുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കൃഷിഭവനുകൾവഴി കുട്ടനാട്ടിലെ കൃഷിക്കാർക്ക് താഴെ പറയുന്ന നിരക്കുകളിൽ നെൽവിത്ത് വിതരണം ചെയ്തുവരുന്നു:

1. സംസ്ഥാന വിത്തുല്പാദന കേന്ദ്രം ഉല്പാദിപ്പിക്കുന്ന നെൽവിത്ത് 12 രൂപ നിരക്കിൽ വിതരണം ചെയ്തുവരുന്നു.

2. സീഡ് അതോറിറ്റി, രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതിയിൽ ഉല്പാദിപ്പിക്കുന്ന വിത്ത് സംഭരിച്ച് സംസ്ക്കരിച്ച് വിതരണം ചെയ്യുന്ന വിത്തിന് 14 രൂപയാണ് വില.

3. നാഷണൽ സീഡ്സ് കോർപ്പറേഷനിലെ വിത്ത് 15.50 രൂപ നിരക്കിൽ വിൽക്കുന്നു.

4. കർണ്ണാടക സീഡ്സ് കോർപ്പറേഷൻ 15.50 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു.

(ബി) നാടൻ നെൽവിത്തിനങ്ങൾ കൃഷിവകുപ്പ് വിതരണം ചെയ്യുന്നില്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly